ഇടുക്കിയിലെ ആദിവാസി ജനവിഭാഗത്തിനായുള്ള പദ്ധതികൾ

204(2254) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജക മണ്ഡലത്തിലെ ആദിവാസി ജനവിഭാഗത്തിന്റെ വികസന ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം മോഡൽ കോളനി, ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതി, സമഗ്രവികസന പദ്ധതി എന്നിവയിലൂടെ ഇടുക്കി നിയോജക മണ്ഡലത്തിൽ എന്തെല്ലാം കാര്യങ്ങൾ പ്രാവർത്തികമാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാംലറ്റ് വികസന പദ്ധതി, ഫുഡ് സപ്പോർട്ട് സ്കീം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള വിവിധ പദ്ധതി, ഹൗസിംഗ്, വീട് അറ്റകുറ്റപ്പണി, പ്രത്യേക കേന്ദ്ര സഹായ പദ്ധതി എന്നീ പദ്ധതികൾ ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മോഡൽ കോളനി, സമഗ്ര വികസന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടില്ല. ഹാംലറ്റ് വികസന പദ്ധതിയിൽ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ഉമ്മൻചാണ്ടി കോളനിയെയും കാഞ്ചിയാർ ഗ്രാമപഞ്ചായത്തിലെ കോഴിമല എസ്.ടി. കോളനിയെയും തെരഞ്ഞെടുത്ത് കോളനികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കളം നിർമ്മാണം, കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, സ്ട്രീറ്റ് ലൈറ്റ്, റോഡ് നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, കളിസ്ഥലം നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

കുറ്റിക്കോൽ പ്രീ-മെട്രിക് ഹോസ്റ്റലിന് കെട്ടിടം

205(2255) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോലിൽ ആൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിലവിൽ ഏത് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ;

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എങ്കിൽ ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ എന്ന സ്ഥലത്ത് ആൺ കുട്ടികൾക്കുവേണ്ടിയുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിലവിൽ ശ്രീ. ജനാർദ്ദനൻ നായർ (വായാട്ടുമൂല, വട്ടംതട്ട, കുറ്റിക്കോൽ) എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി&സി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കുറ്റിക്കോൽ വില്ലേജിലെ റീസർവ്വേ നമ്പർ 149/2-ൽ ഉൾപ്പെട്ട 83 സെന്റ് സ്ഥലം റവന്യൂ വകുപ്പിൽ നിന്ന് പട്ടികവർഗ്ഗ വികസന വകുപ്പിന് നൽകിയിട്ടുണ്ട്. ടി ഭൂമിക്ക് മധ്യഭാഗത്തായി കടന്നുപോകുന്ന ഹൈടെൻഷൻ ലൈൻ മാറ്റുന്നതിന് 13,250 രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കുകയും ബോർഡ് ലൈൻ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകേണ്ടതുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിലെ വർക്ക് സ്റ്റഡി

206(2256) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ വർക്ക് സ്റ്റഡിയുടെ ഭാഗമായി നിർദ്ദേശിച്ചിരുന്ന കാര്യങ്ങളിൽ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) പ്രസ്തുത വർക്ക് സ്റ്റഡിയുടെ ഭാഗമായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) വകുപ്പ് ആവശ്യപ്പെട്ട പ്രകാരം 2010-ൽ പി&എ.ആർ.ഡി. നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കുകയും ആയതുപ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിനും കൂടാതെ പ്രസ്തുത വർക്ക് സ്റ്റഡി കൂടി പരിഗണിച്ച് വകുപ്പിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വേണ്ടി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly